# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2250: 26/03/2013- ൽ മറുപടിക്ക്**

## ചെറുകിട വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണം

**ചോദ്യം** **ഉത്തരം**

**ശ്രീ. പി. തിലോത്തമൻ :**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ വന്നതിനു ശേഷം എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ അടച്ചുപൂട്ടിപ്പോയി എന്നു പറയാമോ; ഇത്തരം സ്ഥാപനങ്ങളുടെ ബാങ്ക് കടങ്ങളും പലിശയും എഴുതിത്തള്ളുകയോ പലിശയിളവ് നൽകുകയോ ഉണ്ടായിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | ഈ സർക്കാർ വന്നതിനുശേഷം 46 ചെറുകിട വ്യവസായ യൂണിറ്റുകൾ അടച്ചുപൂട്ടിയിട്ടുണ്ട്. സിഡ്കോയുടെ കീഴിലെ വിവിധ വ്യവസായ എസ്റ്റേറ്റുകളിലായി 3 യൂണിറ്റുകൾ അടച്ചുപൂട്ടിയിട്ടുണ്ട്. പൂട്ടിയ സ്ഥാപനങ്ങളുടെ അർഹത അടിസ്ഥാനമാക്കി ഉചിതമായ തീരുമാനം കൈക്കൊള്ളാറുണ്ട്. |
| (ബി) | ചേർത്തല താലൂക്കിൽ ഇരുമ്പ്, ഉരുക്ക് അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ചിരുന്ന ചില ചെറുകിട വ്യവസായ യൂണിറ്റുകൾ അസംസ്കൃത വസ്തുക്കളുടെ വിലയിടിവ് മൂലം നിർമ്മിച്ചു വച്ചിരുന്ന ഉത്പന്നങ്ങളുടെ വിലയിടിഞ്ഞ് വൻ നഷ്ടമുണ്ടാകുകയും അടച്ചു പൂട്ടപ്പെടുകയും ചെയ്തിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനോ സ്ഥാപനങ്ങളുടെ ബാങ്ക് കടങ്ങൾ ഇളവു ചെയ്തു നൽകുന്നതിനോ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ എന്നു പറയാമോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ